**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3134** **07-10-2025 - ൽ മറുപടിയ്ക്ക്**

**കുടിവെള്ളത്തിന്റെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജനങ്ങൾക്ക് ലഭ്യമാക്കുന്ന കുടിവെള്ളത്തിന് ഗുണനിലവാരം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | കേരള വാട്ടർ അതോറിറ്റിയുടെ സ്കീമുകൾ വഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം എല്ലാ മാസവും കൃത്യമായി ആക്ഷൻ പ്ലാൻ പ്രകാരം പരിശോധിക്കാറുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും ജൈവ രാസ ഭൗതിക പരിശോധനകൾ നടത്തി വരുന്നു. കേരള ജല അതോറിറ്റി മുഖേന വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം IS10500 : 2012 പ്രകാരം അല്ലായെങ്കിൽ ജലവിതരണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുകയും പരിഹാര മാർഗങ്ങൾ നിർദ്ദേശിക്കുകയും ആയത് പരിഹരിക്കുകയും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യാറുണ്ട്. |
| (ബി) | എല്ലാദിവസവും വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ജല ശുദ്ധീകരണ ശാലകളിലെ ജലത്തിന്റെ ഗുണനിലവാരം ജല വിതരണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുന്നുണ്ട്. ജല ശുദ്ധീകരണ ശാലയുമായി ബന്ധപ്പെട്ട ലബോറട്ടറികളിൽ എല്ലാ ദിവസവും ശുദ്ധീകരിച്ച വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്ന തിനുള്ള സംവിധാനം ഉണ്ട്. പ്രത്യേകം തയ്യാറാക്കിയ ആക്ഷൻ പ്ലാൻ മുഖാന്തരം ക്വാളിറ്റി കൺട്രോൾ വിഭാഗം കുടിവെള്ളം ശേഖരിച്ച് പരിശോധന നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ